പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1872 25.03.2013 ൽ മറുപടിക്ക്

## കൊല്ലത്തെ രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി<br>,, കെ. കെ. ജയചന്ദ്രൻ<br>,, പി. കെ. ഗുരുദാസൻ<br>,, എം. ഹംസ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കൊല്ലത്തെ രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന കേസ്സിലെ പ്രതികളായ ഇറ്റലിക്കാരെ ഇന്ത്യയിലേയ്ക്കു തിരിച്ചയയ്ക്കില്ലെന്ന ഇറ്റാലിയൻ സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) കൊലക്കേസ് പ്രതികൾ ഇന്ത്യയിൽ നിന്നും പുറത്തുകടക്കാൻ ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;<br><br>(സി) ഇന്ത്യൻ നിയമത്തിനുകീഴിൽ വിചാരണ നേരിടുന്ന പ്രതികൾ വോട്ടുചെയ്യാൻ ഇറ്റലിയിലേയ്ക്കു പോകാൻ സുപ്രീം കോടതിയിൽ നൽകിയ ഹർജിയെ കേരളം എതിർക്കുകയുണ്ടായോ; | (എ) മുതൽ (സി) വരെ ഡൽഹിയിൽ ബഹു. സുപ്രീംകോടതിയുടെ നിരീക്ഷണത്തിൻ കീഴിൽ ജാമ്യത്തിൽ കഴിഞ്ഞിരുന്ന നാവികർ 22.02.2013 ലെ ബഹു. സുപ്രീം കോടതിയുടെ വിധി അനുസരിച്ച് ഇറ്റലിയിലേക്ക് പോയി. അവർ തിരികെയെത്തില്ലെന്ന് പത്രമാധ്യമങ്ങളിലൂടെ അറിയുകയുണ്ടായി. എന്നാൽ നിശ്ചിത സമയപരിധിക്കകം തന്നെ അവർ ഡൽഹിയിൽ തിരിച്ചെത്തിയതിനാൽ ചോദ്യങ്ങൾക്ക് പ്രസക്തതയില്ല. |
| (ഡി) കേസ് കേൾക്കാൻ പ്രത്യേകകോടതി സ്ഥാപിക്കണമെന്ന ആവശ്യം നടപ്പാക്കാതെപോയത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുകയുണ്ടായോ; | (ഡി) WP (C) 135/2012 ലെ 18.01.2013 ലെ ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം പ്രത്യേക കോടതി സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ നടപടി കൈക്കൊണ്ടുവരികയാണ്. |

| | | | |
|---|---|---|---|
| (ഇ) | കൊലയാളികൾക്കനുകൂലമായി എഫ്.ഐ.ആറിൽ പഴുതുകൾ സംഭവിച്ചതും, മരിച്ചവർ ഇന്ത്യക്കാരാണെന്ന് സുപ്രീം കോടതിക്ക് ഒരു ഘട്ടത്തിൽ ഓർമ്മിപ്പിക്കേണ്ടി വന്നതുമുൾപ്പെടെ ജാമ്യാപേക്ഷ എതിർക്കപ്പെടാതിരുന്നതുവരെയുള്ള വീഴ്ചകൾ സംബന്ധിച്ച് സർക്കാർ അന്വേഷിക്കുമോ? | (ഇ) | എഫ്. ഐ. ആറിൽ പഴുതുകൾ ഉണ്ടായിട്ടില്ല. കോടതിയിൽ ജാമ്യാപേക്ഷയെ എതിർക്കുന്ന സമീപനമാണ് കേരള സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഇക്കാര്യത്തിൽ വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ